പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1977 14.07.2011- ലെ മറുപടി

വ്യാപാര സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള നടപടി

ചോദ്യം

ഉത്തരം

ശ്രീ. എളമരം കരീം
ശ്രീ.കെ.വി.അബ്ദുൾ ഖാദർ
ശ്രീ. സി.കൃഷ്ണൻ
ഡോ.കെ.ടി.ജലീൽ

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 1. കെ.എസ്.ആർ.ടി.സി യുടെ ബസ് സ്റ്റേഷനുകളിൽ ലഭ്യമായ സ്ഥലങ്ങളിൽ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ കച്ചവടസ്ഥാപനങ്ങൾ അനുവദിച്ചു വരുന്നു.<br>2. ബസ്സുകളിൽ പരസ്യം, ബസ് സ്റ്റേഷനുകളിൽ ഹോർഡിംഗ് സ്ഥാപിച്ചുള്ള പരസ്യം ഇവയ്ക്ക് കരാർ നൽകുന്നു.<br>3. ബസുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം വാണിജ്യാടിസ്ഥാനത്തിൽ നൽകുവാൻ തീരുമാനമെടുത്തെങ്കിലും സാങ്കേതിക കാരണങ്ങളാൽ നടപ്പിൽ വന്നിട്ടില്ല. ഇതു സംബന്ധിച്ചുള്ള നടപടികൾ പുരോഗമിക്കുന്നു.<br>4. കെ.എസ്.ആർ.ടി.സി യുടെ ടിക്കറ്റേതിരവരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാണിജ്യ പ്രാധാന്യമുള്ള ബസ് സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചു വരുന്നു. ഒന്നാം ഘട്ടമായി 30 ബസ് സ്റ്റേഷനുകളിലും അനന്തരം രണ്ടാം ഘട്ടമായി 29 ബസ് സ്റ്റേഷനുകളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | അന്തർദേശീയ നിലവാരമുള്ള വ്യാപാരസമുച്ചയങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഏതെല്ലാം സ്ഥലങ്ങളിൽ നിർമ്മാണം നടന്നു വരുന്നു; ഏതെങ്കിലും പദ്ധതി പൂർത്തിയാക്കിയിട്ടുണ്ടോ; | (ബി) | ഒന്നാം ഘട്ടമായി നിർമ്മിക്കുന്ന 30 ബസ് സ്റ്റേഷനുകളിൽ അങ്കമാലി, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ, പേരൂർക്കട, സ്റ്റാഫ് ട്രെയിനിംഗ് സെന്റർ (ഫോർട്ട്), മലപ്പുറം, തിരുവല്ല, കരുനാഗപ്പള്ളി എന്നീ ബസ് സ്റ്റേഷനുകളിലെ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മാണം ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.ടി.ഡി.എഫ്.സി. മുഖാന്തിരം നിർമ്മിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ആയതിന്റെ അങ്കമാലി ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. കോഴിക്കോട്, തിരുവല്ല, തിരുവനന്തപുരം സെൻട്രൽ എന്നിവിടങ്ങളിൽ പണി ആരംഭിച്ച് പുരോഗതിയിലാണ്. കെ.എസ്.ആർ.ടി.സി നേരിട്ട് ചെയ്യുന്നവയിൽ കൊട്ടാരക്കര മെയ് 2010-ൽ ഉദ്ഘാടനം ചെയ്തു. കാസർഗോഡ് 2011 ജനുവരി 14 -ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. കാട്ടാക്കടയിൽ പണി പൂർത്തിയായി വരുന്നു. |
| (സി) | ടിക്കറ്റിതര വരുമാന പദ്ധതികൾക്കുള്ള സ്രോതസ്സ് ഏതെല്ലാം സ്ഥാപനങ്ങളുമായി സഹകരിച്ചാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | കെ.ടി.ഡി.എഫ്.സി.യുമായി സഹകരിച്ചാണ് ബി.ഒ.ടി. അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയുന്നത്. കെ.എസ്.ആർ.ടി.സി സ്വന്തമായി പണിചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണത്തിനായി ടെൻഡർ/ലേല നടപടികളിലൂടെ കടയുടമകളിൽ നിന്നും പലിശ രഹിത നിക്ഷേപം സ്വീകരിച്ച് നിർമ്മാണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ